പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5170 — 27.07.2015 ൽ മറുപടിയ്ക്ക്

പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ എത്ര സ്കൂളുകളെ അൺ എക്കണോമിക് ആയി ലിസ്റ്റു ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ പേരുസഹിതം പട്ടിക ലഭ്യമാക്കാ ക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 349, 378, 403, 405 (പ്രൊവിഷണൽ) സ്കൂളുകൾ അൺ എക്കണോമിക് ആയി ലിസ്റ്റ് ചെയ്തിട്ടുണ്ട്. വർഷാടിസ്ഥാനത്തിലുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധം (1) ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും ഉള്ള സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2011 - 15 വരെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിലെ കുട്ടികളുടെ എണ്ണം അനുബന്ധം (2) ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണ ങ്ങൾ എന്തെന്ന് വിലയിരുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ മാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) തുടങ്ങിയ |

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യും പ്രവർത്തന ഫലമായി കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ചില ജില്ലകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സി.ബി.എസ്.ഇ. സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്